(ഇ) ഇപ്പോൾ ഏതു കമ്പനികളിൽ നിന്നാണ് ബ്ലഡ് ബാഗുകൾ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19-10-1994-ലെ സ.ഉ.(എം. എസ്.)നം. 323/94/ആകു വ.-ഉം 21-12-1998-ലെ സ.ഉ (എം.എസ്.) നം. 355/98/ആകുവ. ഉം ഉള്ളടക്കം ചെയ്തിരിക്കുന്നു.†

(ബി) ബ്ലഡ് ബാഗുകൾ വാങ്ങിയതിൽ യാതൊരുവിധ ക്രമക്കേടുകളും നടന്നിട്ടില്ല.

(സി & ഡി) ഇല്ല.

(ഇ) പോളി മെഡിക്യുർ, ഹിന്ദുസ്ഥാൻ ലാറ്റക്സ്, ടെറുമോ പെൻപോൾ എന്നീ കമ്പനികളിൽ നിന്ന്.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ്

142 [143] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ തിരഞ്ഞെടുക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തു എന്ന് ഒഴിവുകൾ അറിയിച്ച തീയതി സഹിതം വെളിപ്പെടുത്തുമോ;

(സി) കൊല്ലം ജില്ലയിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് കാറ്റഗറി തിരിച്ചു വെളിപ്പെടുത്തുമോ;

(ഡി) കൊല്ലം ജില്ലയിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിലവിലുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനും നിയമനത്തിനായി തയ്യാറാക്കിയിട്ടുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റിൽ നിന്നും പരമാവധി പേർക്ക് നിയമനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)

	ഒഴിവുകൾ അറിയിച്ച തീയതി	ഒഴിവുകളുടെ എണ്ണം
1.	21-2-1998	5
2.	28-6-1999	146
3.	5-7-1999	5
4.	1-12-1999	1
5.	10-3-2000	1
6.	7-4-2000	1
7.	31-7-2000	2
8.	1-12-2000	12
9.	9-2-2001	4
10.	26-3-2001	2
11.	1-7-2001	2
12.	12-7-2001	1
13.	1-11-2002	3

(സി) ആർക്കും നിയമനം നൽകിയിട്ടില്ല.

(ഡി) പരിശീലനം സിദ്ധിച്ച 500-ൽ പരം ലെപ്രസി വിഭാഗം ജീവനക്കാരെ ആരോഗ്യ വകുപ്പിലെ ജനറൽ ഹെൽത്ത് വിഭാഗവുമായി സംയോജിപ്പിക്കുന്നതിന്റെ ഭാഗമായി വേണ്ടത്ര ഒഴിവുകൾ നിലനിർത്തേണ്ടതിനാൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് തൽക്കാലം നിയമനം നടത്തുവാൻ നിർവാഹമില്ല.

ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

143 [144] ശ്രീ. ടി. പി. എം. സാഹിർ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ തസ്തികയിൽ എത്ര ഒഴിവുണ്ട് എന്നറിയിക്കാമോ;